# വർണം.കോം



# ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

## ഗവണ്മെന്റ് എച് എസ് എസ് തെങ്ങമം

## രജിസ്റ്റർ നമ്പർ :LK/2018/38105

# വർണ്ണം .കോം





MESSAGE
SCHOOL HEADMISTRESS

These are proud moments.Little Kites unit of our school is publishing a digital magazine.I express my happiness on this occasion and wishing all the best.

ANITHA L



# ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



KITE MISTRESS



TEACHERS  GHSS THENGAMAM

# ഒരു വാക്ക്

ഇതൊരു തുടക്കം മാത്രം
എഴുത്തിന്റെ വിശാലമായ ലോകത്തേക്ക്
പിച്ച വയ്ക്കുവാൻ ഈ മാസിക
നിങ്ങൾക്കു വഴികാട്ടിയാകുന്നുവെങ്കിൽ
ഞങ്ങൾ കൃതാർത്ഥരായി

# ആശംസകൾ

# എഡിറ്റോറിയൽ ബോർഡ്

അനിത.എൽ (ചീഫ് എഡിറ്റർ)

## എഡിറ്റേഴ്സ്

PRINI P DALAN
SUJA T.R

## സ്റ്റുഡൻറ് എഡിറ്റേഴ്സ്

അശ്വിൻ ആർ

ഗോവർധ് സുരേഷ്

നന്ദന എ

ആത്മജ കൃഷ്ണ

ചരിത്റം

പത്തനംതിട്ട ജില്ലയിൽപള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ 21- വാർഡിൽ സ്ഥിതി ചെയ്യുന്നഗവ.ഹയ.സെക്കൻഡറി സ്കൂൾ 1974 ൽ സ്ഥാപിതമായി. പൊതുമേഖലയിൽ മാത്രമേ സ്കൂളുകൾ അനുവദിക്കുകയുള്ളൂ എന്ന അന്നത്തെ ഗവ. നയം അനുസരിച്ച് , ശ്റീ. തെങ്ങമം ബാലകൃഷ്ണൻ എം.എൽ.എ യാണ് സ്കൂൾ സ്ഥാപനത്തിന് മുൻ കൈയെടുത്തത്. സ്കൂളിന് സ്ഥലം നല്കിയത് തോട്ടുവാ ഭരണിക്കാവ് ദേവീക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ആയിരുന്ന,പള്ളിക്കൽ ബംഗ്ളാവിൽ ശ്രീ.പങ്കജാക്ഷൻ ഉണ്ണിത്താൻ ആണ്. സ്കൂൾ സ്പോൺസറിംഗ് കമ്മിററി നിർമിച്ച നൽകിയ 120 അടി താല്കാലിക കെട്ടിടത്തിൽ ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചു. പത്തനംതിട്ട ജില്ലയിലെ തെങ്ങമം,തോട്ടുവാ,കൈതയ്ക്കൽ, ചെറുകുന്നം,ഇളംപള്ളിൽ, എന്ന എന്നി പ്രദേശങ്ങളും ഈ സ്കൂളിന്റെ പ്രാന്തപ്രദേശങ്ങളാണ്.. തെങ്ങമം. യു. പി. എസ്, മുണ്ടപ്പള്ളി . എസ്.കെ.വി. യു. പി. എസ് . പോരുവഴി ററി. കെ. ഡി. എം . യു.പി. എ. സ്., ആനയടി. ആർ. കെ. യു. പി. എസ്. എന്നിവ ഈ സ്ഥാപനത്തിന്റെ ഫീഡിംഗ് സ്കൂളുകളാണ്.സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പ്രദേശത്താണ് സ്കൂള് പ്രവര്ത്തിക്കുന്നത്. ഭൂരിപകഷം ജനങ്ങളും കര്ഷകരും കര്ഷകതൊഴിലാളികളും, കശുാഅണ്ടി മേഖലയില് പണിയെടുക്കുന്നവരുമാണ് . 2004-05 അദ്ധ്യയന വര്ഷത്തില് അടൂര് എം.എല്.എ ശ്രീ.തിരുവന്ചൂര് രാധാക്രിഷ്ണന്റെ ശ്രമഫലമായി ഈ സ്ഥാപനത്തില് ഹയര് സെക്കന്ഡറി വിഭാഗം പ്രവര്ത്തനം ആരംഭിച്ചു. പ്ളസ് വണ്, പ്ളസ് ടു, വിഭാഗങ്ങളിലായി 2 ബാച്ചുക്ളില് ആയി നാലു ക്ളാസുകള് ഉണ്ട്. പത്തനംതിട്ട ജില്ലയിത് പള്ളിക്കത് ഗ്രാമപഞ്ചായത്തിത് 21- വാർഡിൽ സ്ഥിതി ചെയ്യുന്നഗവ.ഹയ.സെക്കൻഡറി സ്കൂൾ 1974 ൽ സ്ഥാപിതമായി. പൊതുമേഖലയിൽ മാത്രമേ സ്കൂളുകൾ അനുവദിക്കുകയുള്ളൂ എന്ന അന്നത്തെ ഗവ. നയം അനുസരിച്ച് , sri;. തെങ്ങമം ബാലകൃഷ്ണൻ എം.എൽ.എ യാണ് സ്കൂൾ സ്ഥാപനത്തിന് മുൻ കൈയെടുത്തത്. സ്കൂളിന് സ്ഥലം നല്കിയത് തോട്ടുവാ ഭരണിക്കാവ് ദേവീക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ആയിരുന്ന,പള്ളിക്കൽ ബംഗ്ളാവിൽ ശ്രീ.പങ്കജാക്ഷൻ ഉണ്ണിത്താൻ ആണ്. സ്കൂൾ സ്പോൺസറിംഗ് കമ്മിററി നിർമിച്ച നൽകിയ 120 അടി താല്കാലിക കെട്ടിടത്തിൽ ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചു.

# താളുകൾ മറിക്കുമ്പോൾ

അക്ഷരവൃക്ഷം........12
അമ്മ........14
മയക്കുമരുന്ന്........15
WINNERS BLUE PRINT FOR ACHIEVEMENT........17
WHISPERING THE PASSION........18
മാതൃസ്നേഹം........19
ഇതുവഴി വരുമോ........20
വേഴാമ്പൽ........21
അനാഥ ബാല്യങ്ങൾ........22
ചിത്റശലഭം........23
നിഴൽ........24
പുലരി........24
മലയാള ഹമത്വം........26
പൊതുവിജ്ഞാനം........27
പരിസ്ഥിതി മലിനീകരണം........28
IF I CAN STOP ONE HEART FROM BREAKING........29
വൃക്ഷം........30
ചക്കര മാമ്പഴം........31
കുറുക്കന്റെ ഗർജനം........33



# അക്ഷരവൃക്ഷം

അക്ഷരവൃക്ഷത്തണലിൽ നമ്മൾക്കൊത്തൊരുമിക്കാം
ഉത്സവഗീതവുമായി നാടിൻ ഉത്സവഗീതവുമായി
കളിയാടീടാം കണക്കുകൂട്ടാം കവിത തൻ മാറിലുറങ്ങീടാം
തുള്ളിച്ചാടി നടക്കുന്നോരേ കഥയുടെ ചെപ്പിലൊളിച്ചീടാം

കാണപ്പാടം കാട്ടിൽ കളയാം കണ്ടും ചെയ്തും മുന്നേറാം
അക്ഷരവൃക്ഷത്തണലിൽ നമ്മൾക്കൊത്തൊരുമിക്കാം
ഉത്സവഗീതവുമായി നാടിൻ ഉത്സവഗീതവുമായി
മഴവിൽ വർണ്ണം മാളികയാക്കാം മഴവില്ലെഴുതാം മഴനനയാം


മണ്ണിൻ ഗന്ധംപേറിനടക്കാം മണ്ണായിമാറീടാം
ഭൂമിതൻ മാറിലുറങ്ങീടാം ഭൂമിതൻ മാറിലുറങ്ങീടാം
കടലിൻ ഓളം എണ്ണിയെടുക്കാം കടലായിമാറീടാം
ഭാരതപ്പുഴയായി മാറീടാം ഒഴുകിനടന്നീടാം

വിജയപ്പടവുകൾ എണ്ണിക്കേറാം വാനിൽപ്പാറിനടന്നീടാം
മാനവലോകം മാടിവിളിപ്പൂ .......വരൂ...........വരൂ......
അക്ഷരവൃക്ഷത്തണലിൽ നമ്മൾക്കൊത്തൊരുമിക്കാം
ഉത്സവഗീതവുമായി നാടിൻ ഉത്സവഗീതവുമായി

കുയിലുകൾ കൂകീടുന്നു  മാനവതുയിലുണരാനായി
മയിലുകൾ പീലിവിടർത്തീടുന്നു മഴതൻ സ്വാഗതഗാനവുമായി
അക്ഷരവൃക്ഷത്തണലിൽ നമ്മൾക്കൊത്തൊരുമിക്കാം
ഉത്സവഗീതവുമായി നാടിൻ ഉത്സവഗീതവുമായി

ആര്യ രാജ്
**9A**

# FATHER OF OUR NATION



"FIRST THEY IGNORE YOU;
THEN THEY MOCK YOU;
THEN THEY FRIGHT YOU;
THEN YOU WIN"

MAHATHMA GANDHI

# അമ്മ



മർത്യ കുലത്തിന ജന്മമേകീടുന്ന
വാത്സല്യ മൂർത്തിയാണെന്നമമ്മ
ത്യാഗത്തിന്മൂർത്തീഭാവമായമ്മ
ഊഴിയില്ലെന്നമറിഞ്ഞിടുന്ന
പിച്ചനടത്തിയുംസ്നേഹത്തോടോട്ടിയും
മക്കളെ പോറ്റിവളർത്തുമമ്മ
സ്വാർത്ഥത തെല്ലുമേ തീണ്ടീടാത്ത
നിസ്വാർത്ഥ രൂപമാണെന്നമംമ്മ
ഇല്ലായ്മയിലും മക്കളെയൂട്ടുവാൻ
അന്തിയാവോളം പണിതിടുന്ന
ജീവിത വസന്തം തൻ തനയർക്കായി
ഹോമോപ്പ പുകയുമാകിലും പോൽ
തെറ്റുകൾ ചെയ്യുന്ന മക്കളെയെപ്പോഴും
നേർവഴി കട്ടി നടത്തീടുന്ന
വീഴ്ചകളിലൊക്കെ താങ്ങായെന്നും
താനെ നടക്കാൻ കരുത്തേകിടുന്ന
ഇത്ര ഉദാത്തമായീ ഭൂമിയിലിന്നോളം
മറ്റൊന്നും സൃഷ്ടിച്ചതില്ലയീശൻ
എത്ര ചൊരിഞ്ഞാലും വറ്റി വരളാത്ത
സ്നേഹത്തിന്നാക്ഷയ പത്രമാംമ്മ
മാതാവ് തന്റെ മഹത്വമറിയാത്ത
മർഥ്യയാന്റെ ജീവിതംമ വ്യർത്ഥമല്ലോ
അമ്മതൻ മൂല്യമറിയുന്ന മക്കൾക്ക്
നന്മ വരുമല്ലോ എന്നമെന്നും

ഗോപിക പി കുറുപ്പ്



## മയക്കുമരുന്ന്

മയക്കുമരുന്നിൻ അടിമകളായി

കുരുതി കൊടുക്കേണ്ട

നമ്മൾ കുരുതി കൊടുക്കേണ്ട

ലഹരി ചുരത്തും നാടിനെയോർത്തു

നമ്മുടെ തലമുറ നീറുമ്പോൾ

മയക്കുമരുന്നിൻ അടിമകളാക്കി കൊല്ലരുതേ

അമൃത ആർ

9B

# TREES,OUR LIFE BLOOD




# PROTECT TREES PROTECT NATURE



## WINNERS  BLUE PRINT FOR ACHIEVEMENT

Believe while others are doubting
Plan while others are playing
Study while others are sleeping
Decide while others are delaying
Begin while others are procrastinating
Work while others are wishing
Listen while others are talking
Comment while others are criticizing
Smile while others are frowning
Persist while others are quitting

ആര്യലക്ഷ്മി  ബി എസ്

8 എ



# WHISPERING THE PASSION

Cosmic a special gift
A rare chance to be here
To enjoy the special touch
Born free but chained everywhere

Longing for a wonderful sight
To be in a shell together
Whispering the passion too much
Hoping the brightness everywhere

അപർണ ആർ നായർ
8 a



# മാതൃസ്നേഹം

അമ്മ എന്നതാണെൻ  മനസ്സിൽ
ആദ്യം  ഉരുവിട്ട  മന്ത്രം
ആ  മന്ത്രമാണെന്ന് ജീവിത  വിജയം
ആദ്യ ചുവടുകളിൽ  അമ്മതൻ വാത്സല്യം
കുസൃതികൾ      കാട്ടുന്ന നിമിഷങ്ങളിൽ
എൻ കൺമുനയിൽ  കാണും
എന്നമ്മതൻ  കണ്ണീർ കണങ്ങൾ
അമ്മതൻ  ജീവിതാഭിലാഷം
വിഷാദങ്ങൾ അകലുന്ന ജീവിതം
എന്നമ്മതൻ  കൂടെയെന്നും
ഉണ്ടാകുമൊരു തണലായ് ഞാൻ

ആര്യലക്ഷ്മി  ബി എസ്

8 എ



കവിത

## ഇതുവഴി വരുമോ

ഇതുവഴി വരുമോ കാറ്റേ
നീയൊരു കഥ ചൊല്ലിത്തരുമോ

ഇതുവഴി വരുമോ കാറ്റേ
പനിനീർ കുളിരു പകർന്നിടുമോ
ഇതുവഴി വരുമോ കാറ്റേ
മുല്ല പ്പൂമണമേകിടുമോ
ഇതുവഴി വരുമോ കാറ്റേ
നീയെൻ സ്നേഹിതനായിടുമോ

jyothika chandran .s 9B



# വേഴാമ്പൽ

രാജകീയ പ്രൗഢിയുള്ള പക്ഷിയാണ് വേഴാമ്പൽ അവയിൽ ഏറ്റവും വലുതും സുന്ദരവുമാണ് കേരളത്തിന്റെ സംസ്ഥാന പക്ഷിയായ മലമുഴക്കി വേഴാമ്പൽ.(Great Indian Hornbill ).പുത്ര- ഭാര്യാ സ്നേഹമാണ് വേഴാമ്പലിന്റെ ശ്രദ്ധേയമായ സ്വഭാവ വിശേഷം .വാൻ മരങ്ങളുടെ വലിയ പൊത്തിലടയിരിക്കുന്ന പെൺപക്ഷിയെ കൂട്ടിനുള്ളിലിരുത്തി ആണ്പക്ഷി ഒരു മൺചുവർ പണിയും .ഇതിന്റെ കിളിവാതിലിലൂടെ അടയിരിക്കുന്ന കാലമത്രയും പിടയ്ക്ക് തീറ്റ നൽകുന്നത് ആണ്പക്ഷിയാണ്.ആണ്പക്ഷി വേട്ടക്കാരുടെ കയ്യിലകപ്പെടുകയോ എങ്ങനെയെങ്കിലും ഇല്ലാതാവുകയോ ചെയ്താൽ കൂട്ടിനുള്ളിലെ തള്ളപ്പക്ഷിയും കുഞ്ഞുങ്ങളും ഇല്ലാതാകും .ഒരു മാസമാണ് അടയിരിക്കൽ കാലം. ഒരു മീറ്ററിൽ അധികം നീളവും അതിനൊത്ത തൂക്കവുമുള്ള വേഴാമ്പൽ ലോകത്തെ ഏറ്റവും വലിയ ചുണ്ടുകൾ ഉള്ള പക്ഷികളിൽ ഒന്നാണ്. കൊക്കിന്റെ മുകളിൽ ഉയർന്നു നിൽക്കുന്ന മകുടം വേഴാമ്പലിന്റെ ഒരു പ്രത്യേകതയാണ്.

## അനാഥ ബാല്യങ്ങൾ

നിന്റെ കണ്ണിലൂടെ ഞാൻ എന്റെ ലോകം കണ്ടറിഞ്ഞു. വർണ്ണങ്ങൾ ഒട്ടും വാരി വിതറിയില്ലെങ്കിലും ഉള്ള വർണ്ണങ്ങളിൽ മനോഹരമാക്കി.

സ്വന്തം ലോകത്തെ നിറമില്ലങ്കിലും അമ്മയുടെ മണമുള്ള ലോകമാക്കി മനസ്സില്റെ ഏടുകൾ വലിച്ചുകീറി പട്ടം പറത്താൻ

തിടുക്കപ്പെടുന്ന മറു ബാല്യം അനാഥത്വത്തിൽ വാതിൽതുറന്ന് പുറത്തേയ്ക്ക് പോകുവാൻ കൊതിക്കുന്ന കുഞ്ഞ് മനസ്സ്
അമ്മയുടെ ചൂടിനപ്പുറത്ത് മറ്റൊരു ലോകം അതൾ വിരിയുന്ന അരുമറിയാതിരിക്കട്ടെ ഈ മറുലോകമെന്നു

കരുതുമ്പോഴും കൂടുതൽ പാ ഴ് ജന്മങ്ങൾ ഇ വിടെ പൂ ഴുക്കളെ പോലെ ആരും ആർക്കും സ്നേഹം വിളമ്പാത്ത മറ്റൊരു മായാലോകം വിദ്യ

ആശ അലക്സ്

9 ഏ



കവിത

## ചിത്രശലഭം

ചിത്ര മനോഹരി സുന്ദരി നീ
വിണ്ണിലെ  വീട്ടിലെ രാജകന്യ
വർണ്ണച്ചിറകുള്ള മാലാഖയാം നിന്നെ
കാണവാൻ കണ്ണിന് ഇമ്പമാണേ.
ചിത്രശലഭമേ നീ എവിടെ പോകുന്നു
കണ്ണിമ ചിമ്മിടാതെ നിന്നെ ഒരു നോക്ക്
കാണാനായി കണ്ണകൾക്കപ്പോഴും വെമ്പലാണേ
പോകല്ലേ നില്ക്കു നീ മാലാഖേ
ഒന്നു തൊടട്ടെ ഞാൻ നിൻ ചിറകില്
നീ  വരുമോ വീണ്ടുമെൻ അരികത്ത്
നീ തരുമോ ഒരു കുഞ്ഞുമ്മ.

ദേവിക  എസ്



ഗദ്യ കവിത

# നിഴൽ

ഒപ്പം കൂടിയതാണ് രാവിലെ
ഉച്ചയായപ്പോൾ തണല്ഴ പറ്റി കാൽക്കീഴിൽ
ചവിട്ടിനോവിച്ചട്ടും തിരിച്ചപോരുമ്പോൾ തളർന്ന് പിന്നാലെ
നിനക്കും എനിക്കും ഒരേ ജീവിതം
ഒരേ പ്രണയം ഒരേ പട്ടട.
എന്നിട്ടും എനിക്ക് മനസ്സിലാകുന്നില്ല
ഇരുൾ കനക്കുമ്പോൾ നിന്റെ ഉപശയനം എവിടെയാണ്.

ശ്യാം കുമാർ
9 b



# കവിത

## പുലരി

സൂര്യനുദിക്കുന്ന പുലരി
പുലരിതൻ വെളിച്ചത്തിൽ ശോഭിതയായി നിൽക്കുന്നൊരരുവി
സൂര്യനുദിക്കുന്ന പുലരി
പുലരിതൻ വെളിച്ചത്തിൽ പുഞ്ചിരി തൂകി നിൽപ്പൂ നനുത്ത നെൽച്ചെടികൾ
സൂര്യനുദിക്കുന്ന പുലരി
പുലരിതൻ വെളിച്ചത്തിൽ  കളകളം  പാടിയൊഴുകുന്നു പുഴ

സൂര്യനുദിക്കുന്ന പുലരി
പുലരിതൻ വെളിച്ചത്തിൽ  മൃദുസ്വരം മുഴക്കി കൂടുവിട്ടകലുന്ന കിളികൾ
സൂര്യനുദിക്കുന്ന പുലരി
പുലരിതൻ വെളിച്ചത്തിൽ  കുളികഴിഞ്ഞെത്തുന്നു സ്നേഹനിറ്മലയാം അമ്മ

ശിവകാമി  ബി
9b

# മലയാള മഹത്വം

മലയാളിക്കാനന്ദമേകുന്ന നാട്
മലയാഴി മധ്യത്തിൽ മലയാള നാട്
കേരളമെന്നൊരു നാമം കേട്ടാൽ
ഭാരതമാകെ  കോൾമയിർ കൊള്ളും
ദൈവത്തിൽ സ്വന്തംനാടെന്ന പേരിൽ
ആഗോളമെങ്ങും വാഴ്ത്തുന്ന നാട്
ചിരകാലം  നമ്മൾ സുഖമായി വാഴ്കെ
നരകം വിതയ്ക്കാനെത്തി വമ്പന്മാർ
ഒരുമയിലൊരു ഭാഷയിലൊരുമിച്ച വാന്നൂർ
പല ഭാഷ പല വേഷം പലതായി മാറി
ചെമ്പിച്ച മീശയും വമ്പന്റെ ഭാവവും
കമ്പം കലർത്തി മലയാള മക്കളി
മലയാള മങ്കയെത ല താഴ്ത്തി നിർത്തി
കോടിപറിക്കേറി ആംഗല ഭാഷ
ഭാവവും പ്രൗഢിയും പത്രാസും കണ്ട്
മയങ്ങിപോയി മലയാള മക്കൾ
കേരളഭാഷയെ മനം കെടുത്തി

നമ്മുടെ മണ്ണിൽ ത്രുപം കൊണ്ടോർ
വ്യാസൻ  ഭാസൻ കാളിദാസൻ
പരിഷ്ക്കാരത്തിൽ വമ്പന്മാരായി
വന്നവർ കണ്ടു നമ്മുടെ ജ്ഞാനം
അവരുടെ ഭാഷയിലാക്കി വമ്പർ
ബുദ്ധി ചെലുത്തി കാശുണ്ടാക്കി
ഉണരൂ മക്കൾ അറിയു നിങ്ങൾ
മലയാളത്തെ മാനിച്ചീടു

അഭിരാമി  ആർ
8 എ



# പൊതുവിജ്ഞാനം

1  സുവർണക്ഷേത്രം എവിടെയാണ്?
അമൃത്സർ
2.ഭാരതത്തിൽ ആദ്യം ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയതാര്?
3.ചൈനയിലെ വന്മതിൽ നിർമിച്ചതാര്?
ഷിഹ്യാങ്റ്റി
4.മനുഷ്യനെ ആദ്യമായി ചന്ദ്രനിലേക്ക് അയച്ച  രാജ്യം ഏത്?
അമേരിക്ക
5.ലോകത്തിൽ ഏറ്റവും കൂടുതൽ തേയില ഉൽപ്പാദിപ്പിക്കുന്ന രാജ്യം ഏത്?
ഇന്ത്യ

ABHIRAMI  R
VIII A



# പരിസ്ഥിതി മലിനീകരണം

ജീവികളും മണ്ണും വായുവും പ്രകാശവുംജലവും ഉൾപ്പെടുന്ന വിശാലമായ മേഖലയാണ് പരിസ്ഥിതി.ജീവീയ ഘടകങ്ങളും അതിൽ ഉൾപ്പെടുന്നു.ജീവനുള്ളവയെല്ലാം ജീവീയ ഘടകങ്ങളാണ്.അജീവിയാ ഘടകങ്ങളിൽവായുജലം മണ്ണ് സൂര്യപ്രകാശം എന്നിവ ഉൾപ്പെടുന്നു.മനുഷ്യൻ,ജന്തുക്കൾ,സസ്യങ്ങൾ , ജലം തുടങ്ങി ഈ പ്രപഞ്ചത്തിലുള്ളതെല്ലാം പരസ്പര പൂരിതങ്ങളായ ഘടകങ്ങളാണ്.ഇവിടെ ജീവജാലങ്ങൾ ഒന്നിച്ചു ജീവിക്കുകയും പരസ്പരം സ്വാധീനിക്കുകയും ചെയ്യുന്നു.പ്രകൃതിയുടെ നൈസർഗികമായ തുലന നിലയ്ക്ക് കാരണം ജീവജാലങ്ങളുടെ പരസ്പര ബന്ധമാണ്.പരിസ്ഥിതി സംരക്ഷണം എന്ന് പറയുമ്പോൾ ഭൂമി

ജലം വായു എന്നിവ മലിനപ്പെടാതെ സൂക്ഷിക്കുക എന്നാണർത്ഥം.എന്നാൽ പരിസ്ഥിതിയുടെ തന്നെ ഘടകങ്ങളായ മനുഷ്യന്റെ ഇടപെടലുകൾ നിമിത്തം പലപ്പോഴും തുലനനിലക്ക തകരാറു സംഭവിക്കിന്നുണ്ട്. വരും തലമുറയെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നും രക്ഷിക്കാൻ വേണ്ട അവബോധം അവരിലെത്തിക്കണം.പറ്റിയ പദ്ധതിയിലെ ഗൗരവമായ വിഷയമായിത്തന്നെ പരിസ്ഥിതി സംരക്ഷണം പരിഗണിക്കണം.ഈ വിഷയത്തിൽ മുതിർന്നവർ കുട്ടികൾക്ക് മാതൃകയാവണം.അങ്ങനെ ഭാവി തലമുറ പരിസ്ഥിതി ബോധമുള്ളവരും പരിസ്ഥിതിയെ സംരക്ഷിക്കുന്നവരുമാകുമെന്നു പ്രത്യാശിക്കാം.

ABHIRAMI R
VIII A



# IF I CAN STOP ONE HEART FROM BREAKING

If I can stop one heart from breaking
I shall not live in vain
If I can ease one life that's aching
Or cool one pain
Or help one fainting robin
Unto his nest again
I shall not live in vain

ABHIRAMI R
VIII A



# വൃക്ഷം

വൃക്ഷം ആശ്ചര്യമാണെനിക്ക്
ചുട്ടുപൊള്ളുന്ന താപത്തിലും നീ ശയിക്കാതെ
ഇളം തെന്നലായ് തഴുകിയീ കാലമത്രയും
വിയർപ്പിന് നറുകണങ്ങൾ നീ ഉതിർത്തിടുമ്പോൾ
എന്നിൽ ചൊരിഞ്ഞാത്യന്ത സൗഖ്യത്തിൻ കുളിർമഴ

**രേവന്ത് മോഹൻ**

8a



# ചക്കര മാമ്പഴം

ചക്കര മാവിന്റെ കൊമ്പത്തുനിന്നൊരു
മാങ്ങാ പഴുത്തീലെ ആ മാങ്ങാ പഴുത്തീലെ
ആ വഴി പോയൊരു കാക്കച്ചിയമ്മ
ആ മാമ്പഴം കണ്ടീലെ
അവൾ കൊത്തിയെടുത്തീലെ
തെങ്ങിൻ മുകളിലെ പൂന്നാരക്കുട്ടിലെ
കുഞ്ഞിന് നല്കീലേ
പഞ്ചാര ചുണ്ടിനാൽ തൊട്ടുണ്ണനണഞ്ഞൊരാ
മാമ്പഴം തിന്നീലെ

അപർണ ആർ നായർ
8 a



## എന്റെ കേരളം

സുന്ദരമായൊരു നാടാണ്
പ്രകൃതി കനിഞ്ഞൊരു നാടാണ്
നമ്മുടെ മാത്രം നാടാണ്
കേരങ്ങളുടെ നാടാണ്
ജീവൻ തന്നെ സമർപ്പിച്ച
മഹാത്മാക്കളുടെ നാടാസുന്ദരമായൊരു നാടാണ്
പ്രകൃതി കനിഞ്ഞൊരു നാടാണ്
നമ്മുടെ മാത്രം നാടാണ്
കേരങ്ങളുടെ നാടാണ്
നന്മ നിറഞ്ഞൊരു നാടാണ്,
നന്മകൾ വിതറിയ നാടാണ്
നന്മ നിറഞ്ഞൊരു നാടിനെ നമുക്ക്
കേരളമെന്ന വിളിച്ചീടാം
ദൈവത്തിന്റെയീ സ്വന്തം നാട്
നമുക്ക് നൽകും അഭിമാനം

ആദിത്യ എം
9A



## കുറുക്കന്റെ ഗർജനം

ഹിമാലയ താഴ്വരയിലുള്ള ഒരു കട്ടിൽ ഒരു സിംഹമായ് കഴിയുകയായിരുന്ന ബോധേശ്വരൻ,കൂട്ടിനു ഭാര്യ കുറുനരിയും മകനും.മകൻ കാഴ്ചയിൽ ഒരു സിംഹക്കുട്ടിയെപ്പോലെ തന്നെയായിരുന്നു.വളരെ സന്തോഷത്തോടെ അവർ കട്ടിൽ താമസിച്ചു വരികയായിരുന്നു.അപ്രതീക്ഷിതമായുണ്ടായ രോഗത്തിൽ കുറുനരി പെട്ടെന്നുമാണ് മരണമടഞ്ഞു.

നാളുകൾ കുറെ കഴിഞ്ഞു. സിംഹം വീണ്ടും ഒരു കല്യാണം കഴിച്ചു. ഇത്തവണ ഒരു സിംഹത്തിന്റെ തന്നെയായിരുന്നു വിവാഹം കഴിച്ചത്.താമസിയാതെ മൂന്നുപേരും മറ്റു സിംഹങ്ങൾ പാർക്കുന്നിടത്തേക്കു താമസം മാറ്റി. അധികം വൈകാതെ സിംഹത്തിനു ഒരു മകൻ കൂടി പിറന്നു.ജീവിതം സന്തോഷകരമായ മുന്നോട്ടു പോയി.

അങ്ങനെയിരിക്കെ കട്ടിൽ ഒരു വലിയ മഴ പെയ്തു.താഴ്വരയിലെ സിംഹങ്ങളെല്ലാം മഴയെത്തും കളിയ്ക്കാൻ ഇറങ്ങി.അവർ ഗർജിക്കാനും ചാടി മറിയാനും തുടങ്ങി.കുറുനരിയുടെ മകനും കൂട്ടത്തിൽ കൂടി.പക്ഷെ എത്ര ശ്രമിച്ചിട്ടും അവനു സിംഹക്കുട്ടികളെപ്പോലെ ഗര്ജിക്കാന് കഴിഞ്ഞില്ല.അവൻ ദുഃഖിച്ചു മാറിയിരുന്നു.അപ്പോൾ അങ്ങകലെ കുറുക്കന്മാരുടെ ഓരിയിടല് കേട്ടു.അപ്പോൾ അവനു ഓരിയിട്ടാലോ എന്ന് തോന്നി."കൂ...കൂ..." തൻ എത്ര നന്നയി ഓരിയിടുന്നു.അവനു എന്തെന്നില്ലാത്ത സന്തോഷമായി.അവന്റെ ഈ ഓരിയിടൽ കണ്ട അനുജൻ സിംഹക്കുട്ടി അച്ഛനോട് പറഞ്ഞു."അച്ഛാ.. ചേട്ടൻ അവിടെ കുറുനരികൾക്കൊപ്പം ഓരിയിടാൻ തുടങ്ങിയിരിക്കുന്നു.കാണാൻസിംഹത്തെപ്പോലെയുണ്ടെങ്കിലുംഓരിയിടുന്നത്കുറുക്കന്മാരെപ്പോലെയാണല്ലോ .അവൻ സിംഹക്കുട്ടി അല്ലെന്നു തോന്നുന്നു.ഞാനവനെ ഇനി ചേട്ടനെന്നു വിളിക്കില്ല.

പക്ഷെ സിംഹം മകനെ വിലക്കി."അങ്ങനെയൊന്നും പറയരുത്.അവൻ നിന്റെ ചേട്ടനാണ്.കൂവുന്നവരെല്ലാം കുറുക്കന്മാരല്ല.ഗർജിക്കുന്നവരെല്ലാം സിംഹങ്ങളുമല്ല.അവരുടെ ജീവിതമാണ് അവരാരെന്ന് തീരുമാനിക്കുന്നത്.പിന്നെ സിംഹം മൂത്ത മകനെ വിളിച്ചു പറഞ്ഞു."നീയിനി കൂവരുത്.കൂവിയെന്നു കരുതി കുറുക്കനാവില്ല.അങ്ങനെ ചെയ്താൽ സിംഹങ്ങൾ പിന്നെ നിന്നെ കൂട്ടത്തിൽ കൂട്ടണമെന്നില്ല".

അതവൻ അംഗീകരിച്ചു.എന്നിട്ടു സിംഹകുട്ടികൾക്കൊപ്പം കളിച്ചും ചിരിച്ചും സന്തോഷത്തോടെ കഴിഞ്ഞു.

Jyothika Chandran



## സൗഹൃദം

സൗഹൃദം മാനുഷ ജീവിത വീഥിയിൽ
സൗഭാഗ്യമെല്ലാം കനിഞ്ഞു നൽകും
സൗരഭ്യമേകിടും നന്മ നിറഞ്ഞൊരു
സൗഗന്ധികപ്പൂവു പോലെയെന്നും
പല ദളമുണ്ടതിൽ ചെറുതും വലുതുമായ്
പലനാൾ കൊഴിഞ്ഞിടും പതിവ് പോലെ
പിന്നെയുമുണ്ടാവാമനവധി സൂനങ്ങൾ
പലതിനും പരിമളം ഏറെയാവാം
സൗരഭ്യമേതിനെന്നറിയണം നാം വേഗം
കൊഴിയാൻ വിടരുന്ന മലരല്ല സൗഹൃദം
നുള്ളിക്കളയണം തൻ വിഷപ്പല്ലിനാൽ
കവരുന്ന പ്രാണിയെ അവയിൽനിന്നും
വാടാതെ കൊഴിയാതെ കാക്കണം നാമെന്നും
വാക്കുതന്നീടുന്നു നിശ്ചയം

വെയിലേറ്റു വാടാതെ മഴയിൽ കൊഴിയാതെ
മുടിയിലും ചൂടാതെ പരിപാലിക്കാം

സൗഹൃദം മുടിയിലും ചൂടാതെ പരിപാലിക്കാം

Sreethu s

## ലെൻസുകളുടെ ലോകം

പ്രകാശത്തെയും കാഴ്ചയെയും കൂട്ടിയിണക്കികൊണ്ട് മനുഷ്യൻ വികസിപ്പിച്ച പ്രധാന ഉപകരണമാണ് ലെൻസ്.കണ്ണട മുതൽ ദൂരദർശിനികൾ വരെ ലെൻസിന്റെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. രസകരമായ ചരിത്രമാണ് ലെൻസുകളുടേതു. ലെന്റിൽ എന്ന ലാറ്റിൻ വക്കിൽനിന്നാണ് ലെൻസ് എന്ന പേരുണ്ടായത്. പയർ വർഗത്തിൽപ്പെട്ട ഒരു കായയാണ് ലെന്റിൽ.ഏതാണ്ട് ലെൻസിന്റെ ആകൃതിയാണ് ഈ കായയ്ക്കു .അങ്ങനെ ലെന്റിലിന്റെ പേരിൽനിന്നു ലെന്സിനു പേര് കിട്ടി. മനുഷ്യന്റെ കാഴ്ചയെ മെച്ചപ്പെടുത്താൻ ഉപയോഗിച്ചു തുടങ്ങിയ ലെൻസുകൾ കൊണ്ട് പിന്നീടുന്നു പല പല ഉപകരണങ്ങൾ നിർമിച്ചു.ടെലിസ്കോപ് ,മൈക്രോസ്കോപ് ക്യാമറ ഒപ്റ്റിക്കൽ ലെൻസുകൾ തുടങ്ങിയ പല ഉപകരണങ്ങളിലും ഇന്ന് ഈ ലെൻസ് ഉപയോഗിക്കുന്നു.

# അമോണിയ വാതകം

കുത്തിതുളയ്ക്കുന്ന രൂക്ഷ ഗന്ധമുള്ള വാതകമാണ് അമോണിയ.($_{Nh3}$ ) .വെള്ളവുമായി ചേർത്താൽ അമോണിയം ഹൈഡ്രോക്സൈഡ് എന്ന സംയുക്തമുണ്ടാകുന്ന ഈ വാതകം നിട്രജനും ഹൈഡ്രജനും ചേർന്നാണ് ഉണ്ടാകുന്നത്,.വ്യവസായങ്ങളിൽ വളരെ പ്രാധാന്യമുള്ള വാതകമാണ് അമോണിയ.നൈട്രജൻ വളങ്ങൾ നിർമ്മിക്കാനാണ് ഇത് ഏറ്റവും ഉപയോഗിക്കുന്നത്.അമോണിയം നൈട്രേറ്റ് ,അമ്മോണിയംസൾഫേറ്റ് തുടങ്ങിയ അമോണിയ സംയുക്തങ്ങൾ നിട്രജെൻ വളങ്ങളായ് ഉപയോഗിക്കുന്നു.

അനു മോൾ എസ്

വർണം .കോം

